# ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ ഉപസമിതി യോഗത്തിന്റെ മിനിട്ട്സ്

ലൈഫ് മിഷൻ ഉപസമിതി ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.11.2017-ന് രാവിലെ 10 മണിക്ക് ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി റൂമിൽ യോഗം ചേരുകയുണ്ടായി. പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു .

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ സർവേയിൽ കണ്ടെത്തിയ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഏറ്റവും പുതിയ വിവരങ്ങൾ, കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു.

പൊതുവായ പ്രവർത്തന അവലോകനത്തിന് ശേഷം കമ്മിറ്റി അജണ്ടയിലേക്ക് കടന്നു.

## അജണ്ട 1: <u>വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് സംബന്ധിച്ച്.</u>

*2017- 18 സാമ്പത്തിക വർഷം മുതൽ നൽകുന്ന വ്യക്തിഗത ഭവങ്ങൾക്കുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. നിലവിൽ 2016- 17 വർഷം വരെ കരാർ വെച്ച് നിർമ്മാണം ആരംഭിച്ചതും എന്നാൽ പൂർത്തിയാക്കാത്തതുമായ വീടുകൾക്ക് പട്ടികവർഗ്ഗ വിഭാഗത്തിന് ഒഴികെ 4 ലക്ഷം യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള നിർമ്മാണ സമഗ്രഹികളുടെ വില നിർമ്മാണ ചെലവ് എന്നിവ യോഗം ചർച്ച ചെയ്തു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.*

### <u>തീരുമാനം</u>

i. **വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം - മത്സ്യബന്ധന മേഖലയിൽ ഉള്ളവർ - 4 ലക്ഷം രൂപ.**

ii. **പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുളള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി നല്കി തീരുമാനിച്ചു.**

*2016- 17 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനും 4 ലക്ഷം യൂണിറ്റ് നിരക്ക് എന്ന നിലയിൽ ആനുപാതിക വർദ്ധനവ് നൽകുന്നത് യോഗം ചർച്ച ചെയ്തു. 2015-16 വർഷം വരെയുള്ള പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് 4 ലക്ഷം യൂണിറ്റ് കോസ്റ്റ് എന്നതിന് ആനുപാതിക വർദ്ധനവ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. 2017- 18 വർഷത്തെ വീടുകൾക്ക് യൂണിറ്റ് നിരക്ക് 4 ലക്ഷം എന്ന് നിശ്ചയിച്ച സാഹചര്യത്തിൽ 2016- 17 വർഷത്തെ വീടുകൾക്കും 4 ലക്ഷം യൂണിറ്റ് നിരക്ക് നിശ്ചയിക്കുന്നത് യോഗം ചർച്ച ചെയ്തു.*

**തീരുമാനം**

iii. **2016- 17 സാമ്പത്തിക വർഷം നിർമ്മാണം ആരംഭിച്ചതും പൂർത്തിയാക്കാത്തതുമായ വ്യക്തിഗത ഭവനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, തോട്ടം - മത്സ്യബന്ധന മേഖലയിൽ ഉള്ളവർ - 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക വർദ്ധനവ് നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ഭവനം നിർമ്മിക്കുന്നതിനുളള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിനും അനുമതി നല്കി തീരുമാനിച്ചു.**

**അജണ്ട 2: ഭവന സമുച്ചയങ്ങളുടെ നിർമ്മാണം.**

*ബഹു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 26.09.2017- ന് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഭവന സമുച്ചയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഹാബിറ്റാറ്, ULCCS, ഹൗസിങ് ബോർഡ്, ഭവനം ഫൗണ്ടേഷൻ കേരള, KITCO എന്നിവരെ ചുമതലപ്പെടുത്തിയ വിവരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തെ അറിയിച്ചു.*

**തീരുമാനം**

i. **ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഹാബിറ്റാറ്, ULCCS, ഹൗസിങ് ബോർഡ്, ഭവനം ഫൗണ്ടേഷൻ കേരള, KITCO എന്നിവരെ ചുമതലപ്പെടുത്തിയ നടപടിക്ക് സാധൂകരണം നല്കുന്നതിന് കമ്മറ്റി തീരിമാനിച്ചു.**

*അടിയന്തിരമായി നിർമ്മാണം ആരംഭിക്കേണ്ടതിനാൽ 7 ജില്ലകളിൽ അക്രഡിറ്റട് ഏജൻസികളായ ഹാബിറ്റാറ്റ് (കൊല്ലം), ULCCS (വയനാട്, മലപ്പുറം, കോഴിക്കോട്), ഹൗസിങ് ബോർഡ് (കാസർഗോഡ്) എന്നിവരെയും, പാലക്കാട്, ഇടുക്കി ജില്ലകളിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ കേരളയെയും നേരിട്ട് നിർമ്മാണം ഏൽപ്പിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ഭവനം ഫൗണ്ടേഷൻ അക്രഡിറ്റഡ് ഏജൻസി അല്ലെങ്കിലും സർക്കാർ PSU / കമ്പനി ആയതിനാൽ പ്രവൃത്തി ഏൽപ്പിക്കാവുന്നതാണോ എന്ന കാര്യം ചർച്ച ചെയ്തു.*

**തീരുമാനം**

ii. **2015- 2016 ൽ ലൈഫ് പദ്ധതി ആരംഭിച്ചിട്ടും നാളിതുവരെ വിസിബിൾ ആയ ഒരു പദ്ധതിയും നിർവഹിക്കപ്പെടാത്തതിനാൽ ഭൂരഹിതരായ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടായ ഭവന സമുച്ചയങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതിനാൽ അക്രെഡിററ് ഏജൻസികളായ ഹാബിറ്റാറ് (കൊല്ലം), ULCCS (വയനാട്, മലപ്പുറം, കോഴിക്കോട്), ഹൗസിങ് ബോർഡ് (കാസർഗോഡ്) എന്നിവരെ നേരിട്ട് നിർമ്മാണം ഏൽപ്പിക്കുന്നതിന് അനുമതി നല്കാൻ തീരുമാനിച്ചു.**

iii. നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് അക്രെഡിറ്റഡ് ഏജൻസി എന്ന നിലയിൽ ULCCS നെ നേരിട്ട് പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. എന്നാൽ Contractor's Profit ആയ 7.5% നല്കാൻ പാടില്ല. Overhead ചാർജ്ജും (7.5 %) Centage ചാർജ്ജും (5%) ULCCS ന് നല്കാവുന്നതാണെങ്കിലും മറ്റുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്യാൽ കിട്ടുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ നിന്നും Overhead ചാർജ്ജും (7.5 %) Centage ചാർജ്ജും (5%) അടക്കം പരമാവധി 12 .5% വരെ കൂടുതൽ നൽകി ULCCS ന് കരാർ നൽകാവുന്നതാണ് എന്ന് തീരുമാനിച്ചു.

iv. ഭവനം ഫൗണ്ടേഷൻ കേരള, ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായതിനാലും, പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളതിനാലും, ഭവനം ഫൗണ്ടേഷനെ ഇടുക്കിയിലെ പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിന് അനുമതി നല്കാൻ തീരുമാനിച്ചു.

v. 7 ജില്ലകളിലെ കെട്ടിട നിർമ്മാണം ലൈഫ് മിഷൻ ഇ ടെൻഡർ വ്യവസ്ഥ പ്രകാരം ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ടെൻഡറുകൾ ഐറ്റം റേറ്റ് കോൺട്രാക്ട് പ്രകാരം നല്കാൻ തീരുമാനിച്ചു.

vi. പ്രവൃത്തികളുടെ ബില്ലുകൾ കഴിവതും ഒരാഴ്ചക്കകം തന്നെ നല്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു..

vii. ടെണ്ടർ ചെയ്ത ശേഷം ലൈഫ് മിഷന് തന്നെ നേരിട്ട് കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

*ഭവന സമുച്ചയങ്ങളുടെ നിർമ്മാണ നിർവഹണത്തിന് അതത് തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗത്തെ ഏൽപ്പിക്കുന്നത് സംബന്ധിച്ചും, ജില്ലാതലത്തിൽ എൻജിനീയർമാരെ നിയമിക്കുമ്പോൾ മേൽനോട്ട ചുമതല അവർക്ക് നൽകുന്നത് സംബന്ധിച്ചും യോഗം ചർച്ച ചെയ്തു.*

*പ്രവൃത്തി സംബന്ധിച്ച അളവുകൾ സംയുക്തമായി എടുക്കാൻ എൻജിനീയർക്കും (LSGD) കരാറുകാരനും സൗകര്യം നൽകുകയാണെങ്കിൽ അളവുകൾ രേഖപ്പെടുത്തുന്നതിനും ബില്ലുകൾ തയ്യാറാക്കുന്നതിനും വേഗത കൈവരിക്കാനാവും. എന്നും യോഗം വിലയിരുത്തി.*

**തീരുമാനം**

*viii.* അമിത ജോലിഭാരം വരുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിങ്ങിന് ചുമതല നൽകേണ്ടതില്ലെന്നും, ലൈഫ് മിഷനിൽ ജില്ലാതലത്തിൽ എഞ്ചിനിയർമാരെ നിയമിക്കുമ്പോൾ മേൽനോട്ട ചുമതല ടി എഞ്ചിനിയർമാർക്ക് നൽകുന്നതിനും തീരുമാനിച്ചു.

*ix.* **ഭവന സമുച്ചയങ്ങൾ എല്ലാ ജില്ലകളിലും വരുമെന്നതിനാലും നിർമ്മാണത്തിൽ ഉടനീളം ഒരാളുടെ മോണിറ്ററിങ് ആവശ്യമാണെന്നതിനാലും ജില്ലാതലത്തിൽ 3 വർഷത്തെ പ്രവൃത്തിപരിചയമുള്ള ഡിപ്ലോമ ഓവർസിയറിനെ നിയമിക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.**

*x.* **പ്രവൃത്തിയുടെ ഗുണനിലവാരവും അളവുകളും പരിശോധിക്കുന്നതിന് Third Party Audit- നുള്ള ഏജൻസിയെ തിരഞ്ഞെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് ലൈഫ് മിഷന് ചുമതല നൽകി തീരുമാനിച്ചു.**

*RERA- യിൽ രജിസ്റ്റർ ചെയ്ത കെട്ടിട നിർമ്മാതാക്കളെക്കൂടി ലൈഫ് ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ക്ഷണിക്കുന്ന ദർഘാസിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ യോഗം ചർച്ച ചെയ്തു. RERA- യിൽ രജിസ്റ്റർ ചെയ്ത നിർമ്മാതാക്കളെ പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് യോഗം വിലയിരുത്തി. എന്നാൽ ഇവർക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.*

**തീരുമാനം**

xi. **RERA യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കെട്ടിട നിർമ്മാതാക്കളെ ദർഘാസിൽ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഇവർക്ക് പ്രത്യേക മാനദണ്ഡം ആവശ്യമാണ് എന്നും, പ്രസ്തുത മാനദണ്ഡം നിശ്ചയിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമത്തപ്പെടുത്തി തീരുമാനിച്ചു.**

xii. **രണ്ടാംഘട്ടം ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുമ്പോൾ കൂടുതൽ കരാറുകാരെയും കെട്ടിട നിർമ്മാതാക്കളെയും ലൈഫ് മിഷൻ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി എംപാനൽ ചെയ്യേണ്ടതായുണ്ട്. ഇത്തരത്തിൽ കരാറുകാർ/നിർമ്മാണ ഏജൻസികൾ/ കെട്ടിട നിർമ്മാതാക്കൾ എന്നിവരെ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് CEO യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.**

## അജണ്ട 3: ലൈഫ് ഭവന സമുച്ചയങ്ങൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്

*പുനലൂർ മുനിസിപ്പാലിറ്റി, അടിമാലി ഗ്രാമപഞ്ചായത്ത്, ചെമ്മനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ലൈഫ് മിഷൻ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ ഡി.പി.ആർ. യോഗം മുൻപാകെ അവതരിപ്പിച്ചു. ഡി.പി.ആർ. വിശദമായി ചർച്ച ചെയ്തശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.*

**തീരുമാനം**

i. **വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനലൂർ മുനിസിപ്പാലിറ്റിയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്** 1875 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി **നല്കാൻ തീരുമാനിച്ചു.**

ii. **വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിമാലി ഗ്രാമപഞ്ചായത്ത്, നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്** 1703 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി **നല്കാൻ തീരുമാനിച്ചു.**

iii. **വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ** ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ **നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്** 1854 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി **നല്കാൻ തീരുമാനിച്ചു.**

## അജണ്ട 4: വകുപ്പ് പദ്ധതികളുടെ സംയോജനം

*ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക അന്തിമം ആകാത്ത സാഹചര്യത്തിൽ നിലവിലുള്ള കരട് ലൈഫ് പട്ടികയിൽ നിന്നും ഗുണഭോക്താക്കൾക്ക് 2017- 18 സാമ്പത്തിക വർഷം ആനുകൂല്യം നല്കാൻ അനുമതി നൽകുന്ന കാര്യം യോഗം ചർച്ച ചെയ്തു. കൂടാതെ റേഷൻ കാർഡ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അർഹരായവർ ഒഴിവാക്കപ്പെട്ടുപോകാൻ ഇടയാക്കിയതായി യോഗം വിലയിരുത്തി. തുടർന്ന് യോഗം താഴെ പറയുന്ന തീരുമാനമെടുത്തു.*

**തീരുമാനം**

i. **വിവിധ വകുപ്പുകളുടെ കൈവശമുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരെ ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെടുത്തി മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ സ്കീം വഴി പ്രസ്തുത ഗുണഭോക്താക്കൾക്ക് 2017- 18 സാമ്പത്തിക വർഷം മുതൽ ആനുകൂല്യം നല്കുന്നതിന് അംഗീകാരം നല്കി തീരുമാനിച്ചു.**

ii. **പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ കാർഡ് മാനദണ്ഡമായി നിശ്ചയിക്കുമ്പോൾ അർഹരായ പലരും ഒഴിവാക്കപ്പെട്ട് പോകുന്നതിനാൽ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിന് റേഷൻ കാർഡ് ഒരു മാനദണ്ഡമാക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു.**

## അജണ്ട 5: ലൈഫ് മിഷൻ ടെക്നിക്കൽ വിഭാഗത്തെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്.

*ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ എൻജിനീയറെ നിയമിക്കുന്നത് സംബന്ധിച്ചും, നിയമിക്കുന്ന പക്ഷം നൽകാവുന്ന വേതനം / ഹോണറേറിയം സംബന്ധിച്ചും യോഗം ചർച്ച ചെയ്തു*

**<u>തീരുമാനം</u>**

**ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ ഒരു ഇലക്ട്രിക്കൽ എൻജിനീയറെ പ്രതിമാസം 40,000 രൂപക്ക് നിയമിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.**

**അജണ്ട 6: <u>എം.ഐ.എസ് എക്സ്പർട്ടിന്റെ നിയമനം</u>**

*MIS എക്സ്പെർട്ടായി ആദ്യഘട്ട ഇന്റർവ്യൂ നടത്തിയതിൽ യോഗ്യരായ ആരെയും ലഭിച്ചില്ല എന്ന് CEO യോഗത്തെ അറിയിച്ചു. NULM സിറ്റി മിഷൻ മാനേജറും, ലൈഫ് മിഷൻ സർവ്വേയ്ക്ക് സോഫ്റ്റ് വെയർ തയ്യാറാക്കുകയും ചെയ്ത ശ്രീ. ശ്രീജിത്തിനെ ലൈഫ് മിഷനിൽ MIS എക്സ്പെർട്ടായി നിയമിക്കുന്നത് യോഗം ചർച്ച ചെയ്തു.*

**<u>തീരുമാനം</u>**

**ശ്രീ. ശ്രീജിത്തിന്റെ സേവനം ലൈഫ് മിഷന് കൂടി ലഭ്യമാക്കേണ്ടതാണെന്നും ടിയാന്റെ മൂന്നു മാസത്തെ പ്രവർത്തനം പരിശോധിച്ച് മികവ് പുലർത്തുകയാണെങ്കിൽ ലൈഫ് മിഷനിൽ 45,000 രൂപ പ്രതിമാസവേതന വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത് പരിഗണിക്കാമെന്നും തീരുമാനിച്ചു.**

**അജണ്ട 7: <u>മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ച്</u>**

*ലൈഫ് മിഷൻ ഓഫീസിൽ നിലവിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ, മൾട്ടി ടാസ്ക് പേഴ്സൺ എന്നീ തസ്തികകളാണ് നിലവിലുള്ളത്. ജോലി ഭാരം കണക്കിലെടുത്ത് ഫയൽ എഴുത്തിതിനും മറ്റ് മിനിസ്റ്റീരിയൽ ചുമതലക്കുമായി 3 Office Secretarial Staff- നെയും, 1 IT Officer- നെയും ആവശ്യമുണ്ട് എന്ന് CEO യോഗത്തെ അറിയിച്ചു.*

**<u>തീരുമാനം</u>**

i. **കുടുംബശ്രീയിൽ നിന്നും 3 OSS- മാരെയും, 1 IT officer- നെയും ലൈഫിന് ലഭ്യമാക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനു തീരുമാനിച്ചു.**

**അജണ്ട 8: <u>വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച്</u>**

*ലൈഫ് മിഷൻ ഓഫീസിലേക്കായി ഒരു വാഹനം മാസവാടകയ്ക്ക് എടുക്കേണ്ടതിന്റെ ആവശ്യകത CEO യോഗത്തിൽ അവതരിപ്പിച്ചു.*

**<u>തീരുമാനം</u>**

**ലൈഫ് മിഷനിലേക്ക് ഒരു വാഹനം മാസവാടകയ്ക്ക് എടുക്കുന്നതിന് അനുമതി നല്കാൻ തീരുമാനിച്ചു.**

ഉപസമിതിയോഗം 12.45 ന് അവസാനിച്ചു.

ഒപ്പ്
ചീഫ് സെക്രട്ടറി